**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3834 21.06.2018-ലെ മറുപടിയ്ക്ക്

**<u>കായിക മേഖലയുടെ പുരോഗതിക്കായി പദ്ധതികൾ</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.ഉമ്മർ**<br>**" അബ്ദുൽ ഹമീദ്.പി**<br>**"എൻ.ഷംസുദ്ദീൻ**<br>**"ടി.വി.ഇബ്രാഹിം** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | കായിക മേഖലയുടെ പുനരുജ്ജീവനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.<br>**<u>1) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി</u>**<br>2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായിക ഇനങ്ങളിൽ ദീർഘകാല പരിശീലനം നൽകുന്നതിനു ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി ".<br>അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br>അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും, ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് |

കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിയ്ക്കുവാൻ ഉദ്ദേശിക്കുന്നത്. 11 കായിക ഇനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**2) പ്ലേ ഫോർ ഹെൽത്ത്.**

1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക ക്ഷമത ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. പ്രൈമറി തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതാത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിയ്ക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു.

**3) ഫുട്ബോൾ പരിശീലന പദ്ധതി**

നഗര-ഗ്രാമീണ മേഖലയിലെ ഫുട്ബോളിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ താരങ്ങളായി വളർത്തിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്ത് ഫുട്ബോൾ കളിനിലവാരം ഉയർത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

**4) എലൈറ്റ് സ്കീം**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര

| | | | | |
|---|---|---|---|---|
| | | | | നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയവും "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം പദ്ധതിയും പ്രഖ്യാപിച്ചിരുന്നു. 2016-17, 2017-18 ബജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന ടി പദ്ധതിയിൻ കീഴിൽ 14 ജില്ലാ സ്റ്റേഡിയങ്ങളിൽ 6 ജില്ലാ സ്റ്റേഡിയങ്ങളുടെയും 41 പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ 29 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിൽ 3 ജില്ലാ സ്റ്റേഡിയങ്ങൾക്കും 17 പഞ്ചായത്ത് സ്റ്റേഡിയങ്ങൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്നതിൽ 3 ജില്ലാ സ്റ്റേഡയിങ്ങളുടെയും 11 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>35-ാമത് ദേശീയ ഗെയിംസിനു വേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം 14.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.<br>സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് |

| | | | |
|---|---|---|---|
| | | | അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൊച്ചിയിൽ നടന്ന ഫിഫ അണ്ടർ 17 ലോകകപ്പ് ഫുഡ്ബോൾ ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് കൊച്ചി ജവഹർ ലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ്, കൊച്ചി പരേഡ് ഗ്രൗണ്ട് എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ആകെ 51.18 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിയിട്ടുണ്ട്. ജോലിയില്ലാത്ത 11 പേർക്ക് സർക്കാർ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-ലെ ദേശീയ വോളിബോൾ ചാമ്പ്യൻമാരായ കേരള ടീമംഗങ്ങൾക്ക് ക്യാഷ് അവാർഡും കേരള ടീമിലെ ലിബറോ ആയ ശ്രീ.സി.കെ.രതീഷിന് കിൻഫ്രയിൽ ജോലിയും നൽകിയിട്ടുണ്ട്. |
| (ബി) | കായിക നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ശിൽപശാലകളിൽ എന്തെല്ലാം ആശയങ്ങളാണ് പൊതുവെ അംഗീകരിക്കപ്പെട്ടത്; വിശദമാക്കാമോ; | (ബി) & (സി) | കേരളത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനവും നേട്ടങ്ങളും ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ കായിക നയം രൂപീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ച ഒളിമ്പ്യന്മാർ, അർജ്ജുന അവാർഡ് ജേതാക്കൾ, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ എന്നിവരെ പങ്കെടുപ്പിച്ച് ശിൽപശാല സംഘടിപ്പിച്ചിരുന്നു. സ്പോർട്സ് കൗൺസിലിന്റെ ജനറൽ കൗൺസിൽ |
| (സി) | പുതിയ കായിക നയ രൂപീകരണത്തിനായി ഈ | | |

| | | | |
|---|---|---|---|
| | ശിൽപശാലകൾ എത്ര മാത്രം സഹായകരമായി എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച ആശയങ്ങളും നിർദ്ദേശങ്ങളും കൂടി പരിഗണിച്ചതിനു ശേഷം കായിക നയത്തിന് അന്തിമ രൂപം നൽകുന്നതാണ്. സംസ്ഥാനത്തിന്റെ കായിക മേഖലയുടെ സമഗ്ര വികസനമാണ് കായികനയ രൂപീകരണത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**